I/269866/2024

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/6697/2024-GEA2 തീയതി: 27-04-2024

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- തദ്ദേശ സ്വയംഭരണ (മുനിസിപ്പൽ കോമൺ സർവ്വീസ്) വകുപ്പിലെ HDV ഡ്രൈവർ ഗ്രേഡ് 2 ആയ ശ്രീ.വിനോദ്കുമാർ.പി-യെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന :
1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻറെ 11/12/2015 ലെ RE III(3)870/2015-27 നമ്പർ നിയമന ശുപാർശ
2. കൊല്ലം ജില്ലാ പി.എസ്.സി. യുടെ 04/10/2018ലെ QR II (3) 1874/13 നമ്പർ നിയമന ശുപാർശ.
3. 27/03/2023 ലെ LSGD/PD/2601/2023-DEE5 നമ്പർ ഉത്തരവ്
4. 05/05/2023 തീയതിയിലെ LSGD/PD/12377/2023-GEA4 നമ്പർ ഉത്തരവ്

സൂചന (1) നിയമന ശുപാർശ പ്രകാരം മുനിസിപ്പൽ കോമൺ സർവീസിൽ ഡ്രൈവർ (എച്ച്.ഡി.വി) ഗ്രേഡ് 2 തസ്തികയിൽ 01.02.2016-ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.വിനോദ് കുമാർ വി. സൂചന (2) നിയമന ശുപാർശ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ LDV-ഡ്രൈവർ ഗ്രേഡ് 2 ആയി നിയമനം ലഭിച്ചതിനെത്തുടർന്ന് 23/10/2018 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിടുതൽ ചെയ്തു. തുടർന്ന് മാതൃ വകുപ്പിൽ ഡ്രൈവർ (എച്ച്.ഡി.വി) ഗ്രേഡ് 2 തസ്തികയിൽ പുനർ നിയമനത്തിന് അപേക്ഷ സമർപ്പിച്ചതിൻറെ അടിസ്ഥാനത്തിൽ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 8 -ലെ വ്യവസ്ഥകൾക്കു വിധേയമായി സൂചന (3) പ്രകാരം തദ്ദേശ സ്വയംഭരണ (മുനിസിപ്പൽ കോമൺ സർവ്വീസ്) വകുപ്പിൽ ടിയാനെ തിരികെ പ്രവേശിപ്പിച്ച് തിരുവനന്തപുരം നഗരസഭയിൽ നിയമനം നൽകി ഉത്തരവാകുകയും ചെയ്തിരുന്നു.

I/269866/2024

ശ്രീ. വിനോദ് കുമാർ മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും വിടുതൽ ചെയ്യുന്ന സമയത്തു 02.05.2018 പ്രാബല്യ തിയ്യതിയിലുള്ള ഡ്രൈവർ (എച്ച്.ഡി.വി) തസ്തികയിലുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റാണ് നിലവിലുണ്ടായിരുന്നത്. പ്രസ്തുത ലിസ്റ്റിൽ ടിയാൻ ക്രമനമ്പർ 48 ആയി ശ്രീ. ബിജി എബ്രഹാമിനും ശ്രീ. ജയരാജ്. ആർ-നും ഇടയിലായി ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ 31.01.2023 തിയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ആയതിൽ ശ്രീ. വിനോദ് കുമാറിന്റെ പേര് ഉൾപ്പെട്ടിട്ടില്ല.

കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 8 -ലെ നാലാമത്തെ പ്രോവിസോയുടെ ചുവടെയുള്ള കുറിപ്പ് (3) പ്രകാരം, മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്ത് അഞ്ചുവർഷത്തിനകമാണ് പുനർനിയമനമെങ്കിൽ ചട്ടം 8(a) വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള സീനിയോരിറ്റി സംരക്ഷണം ലഭിക്കുന്നതിന് അർഹതയുണ്ട്. ശ്രീ.വിനോദ്കുമാർ പി. 01.02.2018-ൽ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ആയതിൻറെ അടിസ്ഥാനത്തിൽ ശ്രീ.വിനോദ്കുമാർ.വി-യെ നിലവിൽ പ്രാബല്യത്തിലുള്ള 31.01.2023 തീയതി വരെയുള്ള ഡ്രൈവർ(എച്ച്.ഡി.വി) തസ്തികയിലെ ജീവനക്കാരുടെ സൂചന (4) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 69.ഷൈജു.പി.ജെ -യ്ക്കും ക്രമ നമ്പർ 70 രാജേഷ്.സി -യ്ക്കും ഇടയിലായി ക്രമ നമ്പർ.69A ആയി (ഡ്രൈവർ(എച്ച്.ഡി.വി) ഗ്രേഡ്-2 തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ ആദ്യ പേരുകാരനായി) ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താത്ക്കാലിക തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപം ഉള്ളവർ ആയത് ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം ആവശ്യമായ രേഖകൾ സഹിതം രേഖാമൂലം ഉചിത മാർഗ്ഗേന ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ആക്ഷേപങ്ങളൊന്നും ലഭ്യമാകാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ പ്രസ്തുത താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Suresh Kumar S
SENIOR ADMINISTRATIVE OFFICER

പകർപ്പ് :
1. ശ്രീ.വിനോദ്കുമാർ പി., ഡ്രൈവർ (എച്ച്.ഡി.വി) ഗ്രേഡ്-2, തിരുവനന്തപുരം നഗരസഭ
2. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടറന്മാർക്കും
3. IE സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ഐ . റ്റി .സെൽ (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി)
5. കരുതൽ /അധികം

Signed by
Suresh Kumar S
Date: 27-04-2024 14:24:31